# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ. 1250

13/07/2016-ൽ മറുപടിക്ക്

## പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം

**ചോദ്യം**

ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതു പ്രവർത്തകർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പ്രത്യേകിച്ച് എം.എൽ.എ.മാർ എന്നിവരുടെ ആവശ്യപ്രകാരമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ കാലതാമസ്സം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിവിധ പ്രദേശത്തെ ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുള്ള കത്തുകൾക്ക് മറുപടി/പരിഹാരം ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും | എം.പി./എം.എൽ.എ.മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് മുന്തിയ പരിഗണന നൽകേണ്ടതും അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം മറുപടി നൽകേണ്ടതുമാണ്. ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകേണ്ടതും പ്രസ്തുത കത്തുകളിലും/ നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. |
| (സി) | പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം ലഭ്യമാക്കുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിന് ആലോചിക്കുന്നുവോ; | | |
| (ഡി) | പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനും സമയക്രമം പാലിക്കുന്നതിനും പര്യാപ്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ആലോചിക്കുമോ ? | | |

സെക്ഷൻ ഓഫീസർ